# നോമ്പിന്റെ വിധി

ഗ്രന്ഥകർത്താവ്: അബ്ദുൽ അളീം ബദവി അൽ ഖലഫി

അവലംബ ഗ്രന്ഥം: الوجيز في فقه السنة والكتاب العزيز

വിവർത്തനം: ഉമർ കോയ മദീനി

ഇസ്ലാമിൻെറ പഞ്ച സ്തംഭങ്ങളിലൊന്നായ നോമ്പ് ഇസ്ലാമിക ശരീഅത്തിലെ നിർബന്ധ ശാസനകളിൽ പെട്ടതാണ്. വിശുദ്ധ ഖുർആനിലൂടെ അല്ലാഹു പറയുന്നു:

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ كُتِبَ عَلَيْكُمُ ٱلصِّيَامُ كَمَا كُتِبَ عَلَى ٱلَّذِينَ مِن قَبْلِكُمْ لَعَلَّكُمْ تَتَّقُونَ ﴿١٨٣﴾ أَيَّامًا مَّعْدُودَٰتٍ ۚ فَمَن كَانَ مِنكُم مَّرِيضًا أَوْ عَلَىٰ سَفَرٍ فَعِدَّةٌ مِّنْ أَيَّامٍ أُخَرَ ۚ وَعَلَى ٱلَّذِينَ يُطِيقُونَهُۥ فِدْيَةٌ طَعَامُ مِسْكِينٍ ۖ فَمَن تَطَوَّعَ خَيْرًا فَهُوَ خَيْرٌ لَّهُۥ ۚ وَأَن تَصُومُوا۟ خَيْرٌ لَّكُمْ ۖ إِن كُنتُمْ تَعْلَمُونَ ﴿١٨٤﴾ شَهْرُ رَمَضَانَ ٱلَّذِىٓ أُنزِلَ فِيهِ ٱلْقُرْءَانُ هُدًى لِّلنَّاسِ وَبَيِّنَـٰتٍ مِّنَ ٱلْهُدَىٰ وَٱلْفُرْقَانِ ۚ فَمَن شَهِدَ مِنكُمُ ٱلشَّهْرَ فَلْيَصُمْهُ ۖ وَمَن كَانَ مَرِيضًا أَوْ عَلَىٰ سَفَرٍ فَعِدَّةٌ مِّنْ أَيَّامٍ أُخَرَ ۗ يُرِيدُ ٱللَّهُ بِكُمُ ٱلْيُسْرَ وَلَا يُرِيدُ بِكُمُ ٱلْعُسْرَ وَلِتُكْمِلُوا۟ ٱلْعِدَّةَ وَلِتُكَبِّرُوا۟ ٱللَّهَ عَلَىٰ مَا هَدَىٰكُمْ وَلَعَلَّكُمْ تَشْكُرُونَ ﴿١٨٥﴾

“സത്യ വിശ്വാസികളെ, നിങ്ങൾക്കു മുമ്പുള്ള സമൂഹങ്ങൾക്കെല്ലാം നോമ്പ് നിർബന്ധമാക്കപ്പെട്ടിരുന്നതു പോലെ നിങ്ങൾക്കും നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു, നിങ്ങൾ സൂക്ഷ്മാലുക്കളായിത്തീരുന്നതിനു വേണ്ടിയത്രെ അത്. എണ്ണപ്പെട്ട ഏതാനും ദിവസങ്ങളിൽ മാത്രം, നിങ്ങളിലാരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്താൽ മറ്റു ദിവസങ്ങളിൽ അത്രയും എണ്ണം നോമ്പുകൾ വീട്ടേണ്ടതാണ്. ഞെരുക്ക ത്തോടെയല്ലാതെ നോമ്പെടുക്കാൻ സാധിക്കാത്തവർ ഒരു ദരിദ്രനുള്ള ഭക്ഷണം പ്രായശ്ചിത്തമായി നൽകേണ്ടതാണ്. എന്നാൽ ആരെങ്കിലും സ്വയം താൽപര്യമെടുത്ത് കൂടുതൽ നന്മ ചെയ്യുന്നുവെങ്കിൽ അതു ഗുണകരം തന്നെ, നിങ്ങൾ നോമ്പനു ഷ്ഠിക്കുന്നതാകുന്നു കാര്യം നന്നായി മനസ്സിലാക്കുന്നുവെങ്കിൽ നിങ്ങൾക്കു നല്ലത്. ജനങ്ങൾക്ക് മാർഗ്ഗദർശകമായിക്കൊണ്ടും, നേർവഴി കാണിക്കുന്നതായും സത്യാസത്യങ്ങളെ വിവേചിച്ചു കാണിക്കുന്നതുമായ വ്യക്തമായ തെളിവുകളും കൊണ്ട് വിശു ദ്ധ ഖുർആൻ അവതീർണ്ണമായ മാസമാകുന്നു റമളാൻ, അതുകൊണ്ട് നിങ്ങളിൽ ആ മാസത്തിൽ സന്നിഹിതരുള്ളവരെല്ലാം ആ മാസത്തിൽ വ്രതമെടുക്കേണ്ടതാണ്, വല്ലവരും രോഗി യാവുകയോ യാത്രപോവുകയോ ചെയ്താൽ പകരം അത്രയും എണ്ണം നോമ്പ് (പിന്നീട്) വീട്ടേണ്ടതാണ്. നിങ്ങൾക്ക് എളുപ്പമുണ്ടാവണമെന്നാണ് അല്ലാഹു ഉദ്ദേശിക്കുന്നത്, ഞെരുക്കം ഉണ്ടാക്കാൻ അവൻ ഉദ്ദേശിക്കുന്നില്ല. നിങ്ങൾ ആ എണ്ണം പൂർത്തിയാക്കുവാനും, നിങ്ങൾക്ക്

വഴി കാണിച്ചു തന്നതിൻെറ പേരിൽ അല്ലാഹുവിൻെറ മഹത്വം പ്രകീർത്തിക്കുവാനും വേണ്ടിയത്രെ (അങ്ങിനെ കൽപിച്ചിരിക്കുന്നത്) [1]

عن ابن عمر رضي اللّٰه عنهما قال ، قال: رسولُ اللّٰه صلى الله عليه وسلم: «بنِي الإسلام على خمسٍ: شهادة أنْ لا إله إلاّ اللّٰه، وأن محمداً رسولُ اللّٰه، وإقامِ الصلاة، وإيتاءِ الزكاة، والحَج، وصومِ رمضان».

ഇബിൻ ഉമർﷺ നിവേദനം, "ഇസ്ലാം സ്ഥാപിതമായിരിക്കുന്നത് അഞ്ചു കാര്യങ്ങളിന്മേലാണ്; അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ല, മുഹമ്മദ് നബിﷺ അല്ലാഹുവിൻെറ ദൂതനാകുന്നു എന്ന സത്യസാക്ഷ്യ വചനം, പിന്നീട് നമസ്കാരം മുറപോലെ നിർവ്വഹിക്കൽ, സകാത്ത് നൽകൽ, ഹജ്ജ് നിർവഹിക്കൽ, നോമ്പ് പിടിക്കൽ എന്നിവായാണവകൾ. [2]

ഇസ്ലാമിൻെറ പഞ്ചസ്തംഭങ്ങളിലൊന്നായ റമദാൻ മാസത്തിലെ വ്രതം നിർബന്ധമാണെന്ന് സ്വാഭവികമായും ഓരോ മുസ്ലിമും അറിഞ്ഞിരിക്കേണ്ട കാര്യമാണ്. അതു നിഷേധിക്കുന്ന വൻ മത പരിത്യാഗിയായി മാറുന്നതുമാണ്. തത്വിഷയത്തിൽ പണ്ഡിതന്മാർക്കിടയിൽ യോജിപ്പുണ്ട്". [3]

## റമദാൻ നോമ്പിൻെറ ശ്രേഷ്ഠത

عن أبي هريرةَ ،أن رسولَ الله قَالَ: «من صام رمضانَ إيماناً واحتساباً، غُفر له ما تقَدم من ذَنبِه ».

അബൂഹുറൈറﷺ നിവേദനം, നബിﷺ പറയുകയുണ്ടായി: വിശ്വാസത്തോടെയും പ്രതിഫലേഛയോടെയും ആരെങ്കിലും റമദാനിലെ നോമ്പ് അനുഷ്ഠിക്കുന്നുവെങ്കിൽ അവൻ അതിനു മുമ്പ് ചെയ്ത പാപങ്ങളെല്ലാം പൊറുക്കപ്പെടുന്നതാകുന്നു[4]

عن أَبي هريرةَ رضي اللّٰه عنه يقُولُ: قَالَ رسولُ اللّٰه : «قَالَ اللّٰه عز وجل: كُل عملِ ابنِ آدم له إلا الصيام فَإنه لي وأَنا أَجزي بِه. والصيام جنةٌ. فَإذَا كَانَ يوم صومِ أَحدكُم، فَلاَ يرفُثْ يومئذ ولاَ يسخب. فَإنْ سابه أَحد أَو قَاتلَه، فَلْيقُلْ: إني امرؤ صائم. والذي نفْس محمد بِيده لَخلُوف فَمِ الصائمِ أَطْيب عند اللّٰه، يوم الْقيامة، من رِيحِ الْمسك. وللصائمِ فَرحتان يفْرحهما. إذَا أَفْطَر فَرِح بِفطْرِه. وإذَا لَقي ربه فَرِح بِصومه.

---

[1] سورة البقرة (183-185)
[2] متفق عليه ؛ البخاري 8، مسلم : 16 وهذا لفظه
[3] فقه السنة ( 1/ 366)
[4] متفق عليه ( البخاري : 1901)

അബൂഹുറൈറ ﷺ നിവേദനം ചെയ്യുന്ന മറ്റൊരു ഖുദ്സിയായ ഹദീസിൽ നബി ﷺ പറയുകയുണ്ടായി: അല്ലാഹു ഇപ്രകാരം പറയും: "മനുഷ്യരുടെ മുഴുവൻ കർമ്മങ്ങളും അവ നുള്ളതാകുന്നു, നോമ്പൊഴികെ അത് എനിക്കുള്ളതാണ് ഞാൻ അതിനു പ്രതിഫലം നൽകുകയും ചെയ്യും, നോമ്പ് ഒരു പരിചപോലെയാണ്. അതിനാൽ നോമ്പ് കാലമായാൽ ആരും മ്ളേഛമായി സംസാരിക്കുകയോ ബഹളമുണ്ടാക്കുകയോ കലഹിക്കുകയോ ചെയ്യരുത്, വല്ലവനും കലഹവും ചീത്തയുമായി ആരെയെങ്കിലും നേരിട്ടാൽ ഞാൻ നോമ്പ്കാരനാണെന്നു പറഞ്ഞ് ഒഴിഞ്ഞു മാറട്ടെ, മുഹമ്മദിൻെറ ആത്മാവ് ആരുടെ കയ്യി ലാണോ അവൻ തന്നെ സത്യം, നോമ്പെടുക്കുക വഴി നോമ്പുകാരൻെറ വായയിൽ നിന്നു വരുന്ന ദുർഗന്ധം (പരലോകത്ത്) അല്ലാഹുവിൻെറയടുക്കൽ കസ്തൂരിയേക്കാൾ സുഗ ന്ധമുള്ളതായിരിക്കും. നോമ്പുകാരന് രണ്ടു സന്തോഷങ്ങളുണ്ട് ഒന്നു് നോമ്പ് തുറക്കുമ്പോൾ തന്നെ, മറ്റൊന്ന് അല്ലാഹുവിനെ കണ്ടുമുട്ടുമ്പോൾ. [5]

عن سهل بن سعد رضي الله عنه قَالَ: قَالَ رسولُ الله : «إن في الْجنة باباً يقَالُ له الريانُ. يدخلُ منه الصائمونَ يوم الْقيامة. لاَ يدخلُ معهم أحد غَيرهم. يقَالُ: أين الصائمونَ؟ فَيدخلُونَ منه. فَإذَا دخلَ آخرهم، أُغْلق فَلَم يدخلْ منه أحد».

സഹ്ൽ ബിൻ സഅദ് ﷺ നിവേദനം: നബി ﷺ അരുളി: "റയ്യാൻ എന്നു പേരുള്ള ഒരു പ്രത്യേക കവാടം തന്നെ സ്വർഗഗ്ത്തിലുണ്ട്, അതു നോമ്പുകാർക്കുള്ളതാണ്. നോമ്പ്കാ രല്ലാതെ ഒരാളും അതിലൂടെ പ്രവേശിക്കുകയില്ല തന്നെ, ആ കവാടത്തിൻെറയടുത്ത് നിന്നും ഇപ്രകാരം വിളിച്ചു പറയപ്പെടും: എവിടെ നോമ്പുകാർ, അങ്ങിനെ അവർ മാത്രം പ്രവേശിക്കും, അവർ പ്രവേശിച്ചു കഴിഞ്ഞാൽ ആ കവാടം (നിത്യമായി) അടക്കപ്പെടും പിന്നീട് ഒരാളെയും അതിലൂടെ കടത്തിവിടുകയില്ല.[6]

**മാസപ്പിറവിയുണ്ടാകുന്നതോടെയാണ് നോമ്പ് നിർബന്ധമാവുന്നത്**

أبي هريرةَ ، رضي الله عنه يقُولُ: قَالَ رسولُ الله «صوموا لرؤيته وأَفْطروا لرؤيته. فَإنْ غُمي علَيكُم الشهر فَعدوا ثَلاَثين».

അബൂഹുറൈറ ﷺ നിവേദനം, നബി ﷺ പറയുന്നതായി ഞാൻ കേട്ടു: മാസപ്പിറവി കണ്ടാൽ നിങ്ങൾ നോമ്പ് അനുഷ്ഠിക്കുകയും, മുറിക്കുകയും ചെയ്യുക, മേഘം മൂലമോ മറ്റോ കാണാൻ കഴിയാതെ പോയാൽ നിങ്ങൾ മാസം മുപ്പതായിഗണിക്കുക. [7]

[5] متفق عليه ( البخاري : 1904)
[6] متفق عليه ( البخاري 1896)
[7] متفق عليه ( 1081)

**പിറവി ഉറപ്പിക്കേണ്ടത് എങ്ങനെ?**

**നീതിനിഷ്ഠനായ ഒരാളെങ്കിലും കണ്ടുവെന്ന് സാക്ഷ്യപ്പെടുത്തുക വഴിയോ ശഅബാൻ മുപ്പതു പൂർത്തിയാക്കൽ വഴിയോ ആണ് റമദാൻ സ്ഥിരപ്പെടുന്നത്.**

ابن عمر ، قال: «تراءى الناس الهلالَ فأخبرت رسولَ الله صلى الله عليه وسلم أني رأيته فصام وأمر الناس بصيامه».

**ഇബിൻ ഉമർﷺ നിവേദനം, ജനങ്ങൾ മാസപ്പിറവി കാണാൻ ഒരുമിച്ചു കൂടുകയുണ്ടായി, ഞാൻ പിറവി ദർശിക്കുകയും നബിﷺയെ അറിയിക്കുകയുമുണ്ടായി, അതനുസരിച്ച് നബിﷺ നോമ്പു് പിടിക്കുകയും നോമ്പ് പിടിക്കാൻ ആളുകളോട് നിർദ്ദേശിക്കുകയും ചെയ്തു [8]**

**ആകാശം മേഘാവൃതമായതിനാലോ മറ്റോ പിറവി ദർശിക്കാതിരിക്കുകയാണെങ്കിൽ ശഅബാൻ മുപ്പതായി ഗണിക്കുകയും പിന്നീട് നോമ്പ് തുടങ്ങുകയും ചെയ്യേണ്ടതാണ്. അബൂഹുറൈറﷺവിൽ നിന്നു മുകളിൽ ഉദ്ധരിച്ച ഹദീസിൽ നിന്ന് അതു വ്യക്തമാണ്.**

**എന്നാൽ ശവ്വാൽ മാസപ്പിറവി സ്ഥിരപ്പെടുത്തുന്നതിന് രണ്ടാളെങ്കിലും പിറവി കണ്ടതായി സാക്ഷ്യപ്പെടുത്തേണ്ടതാണ്.**

عن عبد الرحمٰن بن زيد بن الْخطابِ ،: «أنه خطَب الناس في الْيومِ الذي يشك فيه فَقَالَ: أَلا إني جالَست أَصحاب رسولِ الله صلى الله عليه وسلم وساءَلْتهم وأَنهم حدثُونِي أَن رسولَ الله صلى الله عليه وسلم قَالَ: صوموا لرؤيته وأَفْطروا لرؤيته وانسكُوا لَها فَإِنْ غُم علَيكُم فَأَكْملُوا ثَلاثين فَإِنْ شهد شاهدان فَصوموا وأَفْطروا».

**അബ്ദിറഹ്മാൻﷺ നിവേദനം: മാസപ്പിറവി ഉണ്ടായോ ഇല്ലയോ എന്നു സംശയമുണ്ടായ ഒരു ദിവസം അദ്ദേഹം പ്രസംഗിക്കുകയുണ്ടായി: "ഞാൻ നബിﷺയുടെ അനുചരന്മാരുടെ കൂടെ ജീവിക്കുകയും അവരോട് മാസപ്പിറവിയെ സംബന്ധിച്ച് ചോദിക്കുകയുമുണ്ടായിട്ടുണ്ട്, അവരെല്ലാം പറയാറുണ്ടായിരുന്നു: നബിﷺ അരുളിയിരിക്കുന്നത് "നിങ്ങൾ മാസപ്പിറവി കണ്ടാൽ നോമ്പെടുക്കുകയും മുറിക്കുകയും, ഹജ്ജ് കർമ്മങ്ങൾ നിർവ്വഹിക്കുകയും ചെയ്യുക" എന്നായിരുന്നു. മാസപ്പിറവി ദർശിക്കുന്നതിന് തടസ്സമുണ്ടായാൽ മാസം മുപ്പതായി ഗണിക്കുകയും ചെയ്യുക, രണ്ടു പേരെങ്കിലും സാക്ഷ്യപ്പെടുത്തുന്നപക്ഷം നിങ്ങൾ ഈദുൽ ഫിത്വ്ർ ആഘോഷിക്കുകയും ചെയ്യുക".[9]**

---

[8] صحيح ( أبوداود 2325)

[9] صحيح ( صحيح الجامع 3811)

عن أبي مالك الأشجعي أخبرنا حسين بن الحارث الْجدلي ، ـ من جديلَةَ قَيسٍ: «أن أمير مكةَ خطَب ثُم قال: عهد إلَينا رسولُ الله صلى الله عليه وسلم أنْ ننسك للرؤية، فإنْ لم نره وشهد شاهدا عدلٍ نسكْنا بِشهاد تهما

മക്കയിലെ അമീറായിരുന്ന ഹാരിഥ് ബിൻ ഹാതിബ് നിവേദനം: "മാസപ്പിറവി കാണുന്ന തിനനുസരിച്ച് ഞങ്ങളോട് പെരുന്നാൾ ആഘോഷിക്കുവാൻ നബിﷺ കൽപ്പിക്കുക യുണ്ടായിട്ടുണ്ട്, ഞങ്ങൾ കാണാതിരുന്നാലും രണ്ടു പേർ കണ്ടതായി സാക്ഷ്യപ്പെടുത്തിയാൽ അതിൻെറയടിസ്ഥാനത്തിൽ പെരുന്നാൾ ആഘോഷിക്കുവാനും ...". [10]

അബ്ദിറഹ്മാനിﷺൻെറ ഹദീസിൽ വന്ന "രണ്ടു സാക്ഷികൾ സാക്ഷ്യം വഹിച്ചാൽ നിങ്ങൾ നോമ്പെടുക്കുകയും മുറിക്കുകയും ചെയ്യുക" എന്ന പ്രയോഗത്തിൽ നിന്നും, "ഞങ്ങൾ കാണാതിരുന്നാലും രണ്ടു പേർ കണ്ടതായി സാക്ഷ്യപ്പെടുത്തിയാൽ അതിൻെറയടിസ്ഥാനത്തിൽ പെരുന്നാൾ ആഘോഷിക്കുവിൻ" എന്ന പ്രയോഗത്തിൽ നിന്നും നോമ്പിനോ പെരുന്നാളിനോ ഒരു സാക്ഷി മതിയാവില്ലെന്നു ഗ്രഹിക്കാം.

എന്നാൽ നോമ്പിൻെറ വിഷയത്തിൽ ഒരു സാക്ഷി മാത്രം മതിയെന്നതിന് പ്രത്യേകം തെളിവു വന്നിട്ടുണ്ട്. (ഇബ്നു ഉമർﷺവിൻെറ ഹദീസും, വേറെയൊരു ഗ്രാമീണൻ മാത്രം പിറവി ദർശിച്ച ഹദീസും), അതോടെ പെരുന്നാൾ മാസപ്പിറവിയുടെ കാര്യത്തിൽ മാത്രം രണ്ടു സാക്ഷി വേണമെന്ന നിബന്ധന നിലനിൽക്കുകയും നോമ്പിന് ഒരാൾ മാത്രം പിറവി ദർശിച്ചാൽ മതിയെന്നും വരുന്നു. [11]

പിറവി ദർശിച്ചതിൻെറ അടിസ്ഥാനത്തിൽ ഒരാളും സ്വയം നോമ്പോ പെരുന്നാളോ ആഘോഷിക്കുവാൻ പാടുള്ളതല്ല, മറിച്ച് മുസ്ലിം സമൂഹത്തിൻെറ കൂടെയാണ് എല്ലാവരും അവ ആഘോഷിക്കേണ്ടത്.

عن أبي هريرةَ ، أن النبي قال «الصوم يوم تصومونَ، والفطْر يوم تفْطرونَ، والأضحى يوم تضحونَ»

അബൂഹുറൈറﷺ നിവേദനം, നബിﷺ പറയുകയുണ്ടായി: ജനങ്ങൾ നോമ്പെടുക്കുമ്പോഴാണ് നോമ്പ്, അവർ പെരുന്നാളോഘോഷിക്കുമ്പോഴാണ് പെരുന്നാൾ, അവർ ബലിയറുക്കുമ്പോഴാണ് ബലി. [12]

**ആർക്കെല്ലാമാണ് റമദാൻ നോമ്പ് നിർബന്ധം?**

പ്രായപൂർത്തിയും ബുദ്ധിയുമുള്ള ആരോഗ്യവാനായ മുഴുവൻ വിശ്വാസിയുടെ മേലും നോമ്പ് നിർബന്ധമാണ്. യാത്രക്കാർക്കും സ്ത്രീകൾക്ക് ആർത്തവ-പ്രസവ വേളകളിലും നോമ്പെടുക്കേണ്ടതില്ല. തദ്വിഷയത്തിൽ പണ്ഡിതന്മാർക്കിടയിൽ യോജിപ്പുണ്ട്. [13]

[10] صحيح ؛ أبوداود 2321)
[11] تحفة الأحوذي (373/3)
[12] صحيح ، صحيح الجامع : 3869

പ്രായപൂർത്തിയെത്താവർക്കും ബുദ്ധിയില്ലാത്തവർക്കും നോമ്പ് നിർബന്ധമില്ലെന്നതിന് താഴെ കൊടുത്തിരിക്കുന്ന ഹദീസ് തെളിവാകുന്നു.

عن علي عن النبي صلى الله عليه وسلم، قال: «رفع القَلم عن ثَلاثَة: عن النائم حتى يستيقظَ، وعن الصبي حتى يحتلم، وعن المَجنون حتى يعقلَ»

അലിﷺ നിവേദനം, നബിﷺ പറയുകയുണ്ടായി: മൂന്നുവിഭാഗം ആളുകളെ തൊട്ട് നിയമങ്ങൾ ഒഴിവാക്കപ്പെട്ടിരിക്കുന്നു; ഉറങ്ങിയവൻ ഉണരുന്നതുവരെ, കുട്ടികൾ പ്രായം തികയുംവരെ, ഭ്രാന്തന് ബുദ്ധിവരുന്നതുവരെ. [14]

രോഗികൾക്കും യാത്രക്കാർക്കും നിർബന്ധമില്ലെന്ന് ആയത്തിൽ നിന്നും വ്യക്തമാണ്.

فَمَن كَانَ مِنكُم مَّرِيضًا أَوْ عَلَىٰ سَفَرٍ فَعِدَّةٌ مِّنْ أَيَّامٍ أُخَرَ

"വല്ലവരും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്താൽ മറ്റു ദിവസങ്ങളിൽ നിന്ന് അത്രയും എണ്ണം നോമ്പെടുക്കേണ്ടതാണ്." [15]

എന്നാൽ യാത്രക്കാരനോ രോഗികളോ നോമ്പെടുത്താൽ അവർ പിന്നീട് വിട്ടേണ്ടതില്ല. കാരണം അവർ നോമ്പ് പിടിക്കേണ്ടതില്ല എന്ന നിയമം ഇളവു മാത്രമാണ്, അത് ഉപേക്ഷിച്ചു കൊണ്ടുള്ള നിലപാടും സ്വീകരിക്കാവുന്നതാണ്.

**യാത്രക്കാരന് നോമ്പെടുക്കുന്നതോ ഉപേക്ഷിക്കുന്നതോ കൂടുതൽ ഉത്തമം?**

യാത്ര മൂലം പ്രയാസ്സമൊന്നും അനുഭവപ്പെടുന്നില്ലെങ്കിൽ നോമ്പ് പിടിക്കുന്നതു തന്നെയാണ് ഉത്തമം, നോമ്പ് പിടിക്കുന്നതു മുഖേന പ്രയാസ്സം തോന്നുന്നുവെങ്കിൽ മുറിക്കുന്നതാണ് ഉത്തമം.

عن أبي سعيد الخدري ، قال «كُنا نسافر مع رسول الله فَمنا الصائم ومنا المُفْطر فلا يجِد المُفْطر على الصائم ولا الصائم على المُفْطر، فكانوا يرونَ أنه من وجد قُوةً فصام فَحسن، ومن وجد ضعفاً فأَفْطَر فَحسن».

അബൂ സഈദ് അൽ ഖുദ്‌രിﷺ നിവേദനം: ഞങ്ങൾ നബിﷺയുടെ കൂടെ റമദാൻ മാസത്തിൽ യുദ്ധത്തിനു പുറപ്പെട്ടിട്ടുണ്ട്, ഞങ്ങളുടെ കൂട്ടത്തിൽ നോമ്പുകാരും നോമ്പില്ലാത്തവരും ഉണ്ടാകാറുണ്ടായിരുന്നു. നോമ്പുകാർ നോമ്പില്ലാത്തവരെയോ നോമ്പെടുക്കാത്തവർ നോമ്പ് പിടിച്ചവരെയോ ആക്ഷേപിക്കാറുണ്ടായിരുന്നില്ല, നോമ്പ് പിടിക്കാൻ കഴിയുമെങ്കിൽ

---

13 فقه السنة (1506/1)

14 صحيح الجامع الصغير 3513 , أبوداود 4380

15 البقرة ( 184)

നോമ്പ് പിടിക്കുന്നതും, ശേഷി കുറവാണെങ്കിൽ നോമ്പ് ഒഴിവാക്കുന്നതുമാണ് ഉത്തമമെന്നായിരുന്നു ഞങ്ങൾ കരുതാറുണ്ടായിരുന്നത്. [16]

ആർത്തവകാരികൾക്കും പ്രസവാനന്തരം രക്ത സ്രാവമുള്ളവർക്കും നോമ്പെടുക്കേണ്ട തില്ലെന്നതിന് താഴെ പറയുന്ന ഹദീസ് രേഖയാണ്:

عن أبي سعيد رضي الله عنه قال: قال النبي صلى الله عليه وسلم: «أليس إذا حاضت لم تصل ولم تصم، فذلك نقصانُ دينِها».

അബൂ സഈദ് അൽ ഖുദ്‌രി ﷺ നിവേദനം: നബി ﷺ പറയുകയുണ്ടായി: "സ്ത്രീകൾ ആർത്തവ-പ്രസവ സമയങ്ങളിൽ നമസ്കാരവും നോമ്പും പിടിക്കാൻ പാടില്ലല്ലോ, അതാണ് അവർക്കു മതത്തിലുള്ള കുറവ്" . [17]

അവർ തദ്സമയങ്ങളിൽ നോമ്പ് പിടിച്ചാൽ അതു മതിയാവുകയില്ല, വീണ്ടും നോമ്പ് പിടിക്കേണ്ടതാണ്. കാരണം ആർത്തവ പ്രസവ രക്ത സ്രാവങ്ങളിൽ നിന്നു ശുദ്ധിയായിരി ക്കുക എന്നത് നോമ്പിൻെറ നിബന്ധനകളിൽ പെട്ടതാണ്.

عن عائشة ، قالت «كنا نحيض عند رسول الله ثم نطهر فيأمرنا بقضاء الصيام ولا يأمرنا بقضاء الصلاة»

ആയിശ g പറയുകയുണ്ടായി: ഞങ്ങൾക്ക് നബി ﷺ യുടെ കാലത്ത് ആർത്തവമുണ്ടായാൽ നോമ്പ് പിന്നീട് പിടിക്കുവാൻ ഞങ്ങളോട് കൽപിക്കപ്പെടാറുണ്ടായിരുന്നു, നമസ്കാരം വീട്ടാൻ കൽപിക്കാറുണ്ടായിരുന്നില്ല. [18]

**വൃദ്ധന്മാരും വൃദ്ധകളും രോഗശമനത്തിൽ പ്രതീക്ഷയില്ലാത്തവരും ചെയ്യേണ്ടത്**

പ്രായാധികൃത്താലോ മറ്റോ നോമ്പ് പിടിക്കാൻ സാധിക്കാത്തവർ ഓരോ ദിവസത്തിനും പകരമായി ഓരോ ദരിദ്രർക്കുള്ള ഭക്ഷണം നൽകിയാൽ മതിയാകുന്നതാണ്.

"ഞെരുക്കത്തോടെയല്ലാതെ നോമ്പെടുക്കാൻ സാധിക്കാത്തവർ പകരമായി ഒരു ദരിദ്രനുള്ള ഭക്ഷണം പ്രായശ്ചിത്തമായി നൽകേണ്ടതാണ്" [19] എന്ന ആയത്തിൽ നിന്നും അതാണ് വ്യക്തമാകുന്നത്.

عن عطاءٍ سمع ابن عباسٍ يقرأُ «وعلى الذين يطوقونه فدية طعام مسكين» قال ابن عباس: ليست بمنسوخة، هو الشيخ الكبير والمرأةُ الكبيرةُ لا يستطيعان أن يصوما فيطعمان مكانَ كل يومٍ مسكيناً».

16 صحيح ، مسلم 1116، الترمذي 708
17 صحيح ( مسلم: 116)
18 صحيح ( البخاري :1951)
19 سورة البقرة (184)

അതാണ് പറയുന്നു: ഇബ്നു അബ്ബാസ്ﷺ ഈ സൂക്തം പാരായണം ചെയ്യുകയും അതിലെ വിധി ദുർബലപ്പെടുത്തപ്പെട്ടിട്ടില്ലെന്ന് പറയുകയും ചെയ്യാറുണ്ടായിരുന്നു. അതായത്, കിഴവന്മാരും കിഴവികളും, നോമ്പ് പിടിക്കാൻ കഴിയില്ലെന്ന് കണ്ടാൽ ഓരോ നോമ്പിനും പകരമായി ഓരോ ദരിദ്രർക്കുള്ള ഭക്ഷണം നൽകിയാൽ മതിയാകുന്നതാണ്. [20]

**ഗർഭിണികളും മുലയൂട്ടുന്നവരും**

ഗർഭിണികൾക്കും മുലയൂട്ടുന്ന സ്ത്രീകൾക്കും നോമ്പു മുഖേന തങ്ങൾക്കോ കുട്ടികൾക്കോ പ്രയാസ്സം വരുമെന്നു ഭയപ്പെട്ടാൽ നോമ്പ് ഒഴിവാക്കാവുന്നതും പകരമായി പ്രായശ്ചിത്തം നൽകാവുന്നതുമാണ്. പിന്നീട് വീട്ടേണ്ടതില്ല.

عن ابن عباس قال: رخص للشيخ الكبير والعجوز الكبيرة في ذلك وهما يطيقان الصوم أن يفطرا إن شاءا ويطعما لكل يوم مسكينا، ولا قضاء عليهما ، ثم نسخ ذلك بعد ذلك في هذه الآية : (( فَمن شهد منكُم الشهر فَلْيصمه ومن كانَ مريضا أو على سفَرٍ فَعدةٌ من أيامٍ أُخر )) وثبت للشيخ الكبير والعجوز الكبيرة إذا كانا لا يطيقان الصوم، وللحبلى والمرضع إذا خافتا أفطرتا ، وأطعمتا كل يوم مسكينا .

ഇബ്നു അബ്ബാസ്ﷺ പറയുകയുണ്ടായി: "നോമ്പെടുക്കാൻ കഴിവുണ്ടായിരിക്കെ വൃദ്ധകൾക്കും, വൃദ്ധൻമാർക്കും നോമ്പ് ഒഴിവാക്കാവുന്നതും ഓരോ ദിവസത്തിനും പകരമായി ഓരോ ദരിദ്രനുള്ള ഭക്ഷണം നൽകാവുന്നതുമാണ്, അവർ പിന്നീട് നോമ്പ് വീട്ടേണ്ടതുമില്ല എന്നതായിരുന്നു ആദ്യമുണ്ടായിരുന്ന ഇളവ്. പിന്നീട് ആ നിയമത്തിൽ മാറ്റം വരികയും "നിങ്ങളിൽ ആ മാസത്തിൽ സന്നിഹിതരുള്ളവരെല്ലാം ആ മാസത്തിൽ വ്രതമെടുക്കേണ്ടതാണ്", വല്ലവരും രോഗിയാവുകയോ യാത്രപോവുകയോ ചെയ്താൽ പകരം അത്രയും എണ്ണം നോമ്പ് (പിന്നീട്) വീട്ടേണ്ടതാണ്" എന്ന ആയത്ത് അവതരിക്കുകയുണ്ടുണ്ടായി. എന്നാൽ നോമ്പെടുക്കാൻ കഴിയാത്ത വൃദ്ധൻമാരും വൃദ്ധകളും മുലയൂട്ടുന്ന സ്ത്രീകളും ഗർഭിണികളും (തങ്ങളുടെയും കുട്ടികളുടെയും കാര്യത്തിൽ) ഭയപ്പെടുന്നുവെങ്കിൽ അവർക്കും നോമ്പ് ഒഴിവാക്കി പകരമായി ഓരോ ദരിദ്രന് ഭക്ഷണം നൽകിയാൽ മതിയെന്ന ഇളവ് അപ്പോഴും ദുർബലപ്പെടുത്താതെ സ്ഥിരപ്പെടുത്തുക തന്നെയാണ് ചെയ്തിട്ടുള്ളത്[21]

عن ابن عباس قال: إذا خافت الحامل على نفسها والمرضع على ولدها في رمضان، قال: يفطران ويطعمان مكان كل يوم مسكينا ولا يقضيان صوما.

ഇബ്നു അബ്ബാസ്സ്ﷺ വിൽ നിന്നു തന്നെ നിവേദനം, ഗർഭിണികൾ തങ്ങളെക്കുറിച്ചോ മുലയൂട്ടുന്നവർ കുട്ടികളെ കുറിച്ചോ ഭയപ്പെടുന്നുവെങ്കിൽ അവർക്ക് നോമ്പ് ഒഴിവാക്കാ

---

[20] صحيح (البخاي: 4505)

[21] إسناده قوي ( البيهقي 23/4)

വുന്നതും പകരം പ്രായശ്ചിത്തം മാത്രം നൽകിയാൽ മതിയാവുന്നതുമാണ്, പിന്നീട് വീട്ടേണ്ടതില്ല. [22]

عن نافع قال : كانت بنت لإبن عمر تحت رجل من قريش وكانت حاملا فأصابها عطش في رمضان ، فأمرها ابن عمر أن تفطر وتطعم عن كل يوم مسكينا ،،

നഫിഅ് നിവേദനം, ഇബ്നു ഉമർﷺ വിൻെറ ഒരു പുത്രിയെ ഖുറൈശികളിൽപെട്ട ഒരാൾ വിവാഹം ചെയ്തിരുന്നു, അവർ ഗർഭിണിയാവുകയും റമദാനിൽ നോമ്പെടുത്തതു മൂലം കഠിനമായി ദാഹം ഉണ്ടാവുകയും ചെയ്തു. അപ്പോൾ ഇബ്നു ഉമർﷺ അവരോട് നോമ്പ് ഒഴിവാക്കുവാനും പ്രായശ്ചിത്തമായി ഒരു നോമ്പിന് ഒരു ദരിദ്രന് എന്ന തോതിൽ ഭക്ഷണം നൽകുവാനും നിർദ്ദേശിക്കുകയുണ്ടായി. [23]

**നൽകേണ്ട ഭക്ഷണത്തിൻെറ തോത്**

عن أنس بن مالك " أنه ضعف عن الصوم عاما فصنع جفنة ثريد ودعا ثلاثين مسكينا فأشبعهم "

അനസ്ﷺ നിവേദനം, ഒരു വർഷത്തിൽ അദ്ദേഹത്തിന് നോമ്പെടുക്കാൻ സാധിച്ചില്ല, ഒരു വലിയ പാത്രം നിറയെ "ഥരീഥ്" പാകം ചെയ്തു മുപ്പതു പേർക്ക് അദ്ദേഹം വിതരണം ചെയ്യുകയും ചെയ്തു. [24]

---

22 صحيح؛ الطبري 2758 ( الإرواء: 19/4)
23 صحيح الإسناد ؛ الإرواء (20/4) الدارقطني ( 207/2)
24 صحيح الإسناد ؛ الإرواء ( 21/4) الدارقطني (2/ 207)